**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1308** **19-09-2025 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് മണ്ഡലത്തിൽ ഉള്ള കെ.ആർ.എഫ്.ബി. പദ്ധതികളുടെ വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അഴീക്കോട് മണ്ഡലത്തിൽ ഉള്ള കെ.ആർ.എഫ്.ബി. പദ്ധതികളുടെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (എ) | 1.) അഴിക്കോട് മണ്ഡലത്തിലെ നാറാത്ത് - പാപ്പിനിശ്ശേരി - കല്ലൂരിക്കടവ് പാലത്തിന്റെ നിർമാണ പ്രവർത്തിക്ക് 34.9 കോടി രൂപയുടെ എസ്റ്റിമേറ്റ് തുക കണക്കാക്കി PWD ഡിസൈൻ വിഭാഗം തയ്യാറാക്കിയ 43.13 കോടി രൂപയുടെ Revised DPR സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ 28.12.2024ന് സമർപ്പിച്ചിട്ടുണ്ട്. ഭൂ ഉടമകളിൽ നിന്ന് സ്ഥലം സൗജന്യമായി ഏറ്റെടുത്താണ് പ്രവൃത്തി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്.<br><br>2) തീരദേശ ഹൈവേ - മീൻകുന്ന് മുതൽ ചാൽ ബീച്ച് വരെ - സ്ഥലമേറ്റെടുപ്പിന്റെയും, കെട്ടിടങ്ങളുടെയും, ചമയങ്ങളുടെയും മൂല്യനിർണ്ണയ പ്രവൃത്തി പുരോഗമിക്കുന്നു.<br><br>3) പയ്യാമ്പലം മുതൽ മീൻകുന്ന് ക്ലിഫ് വരെ - അതിർത്തികല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.<br><br>4)ചാൽ ബീച്ച് മുതൽ അഴീക്കൽ നോർത്ത് വരെ - അതിർത്തികല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ